**പത്രക്കുറിപ്പ്**

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം
**06/01/2025**

## സംസ്ഥാനത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ **2025** ന്റെ ഭാഗമായി സംസ്ഥാനത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. **2025** ജനുവരി **1** യോഗ്യതാ തീയതിയായുള്ള അന്തിമ വോട്ടർ പട്ടികയാണ് പ്രസിദ്ധീകരിച്ചത്.

ആകെ **2,78,10,942** വോട്ടർമാരാണ് പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നത്.

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ **2025** ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ ആകെ വോട്ടർമാരുടെ എണ്ണം **2,78,37,285** ആയിരുന്നു.

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ കാലയളവിൽ പുതുതായി **232** പോളിങ് സ്റ്റേഷനുകൾ കൂട്ടിച്ചേർത്തിട്ടുണ്ട് . സംസ്ഥാനത്തെ നിലവിലെ പോളിങ് സ്റ്റേഷനുകളുടെ ആകെ എണ്ണം **25,409** ആണ് .

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ യു കേൽകറുടെ നിർദേശ പ്രകാരം ജില്ലകൾതോറും വോട്ടർ പട്ടിക പുതുക്കലിനായി തീവ്ര യജ്ഞമാണ് നടന്നത്. വിവിധ പ്രായപരിധിയിൽ ഉൾപ്പെടുന്ന **63,564** ആളുകളാണ് പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ളത്. വോട്ടർ പട്ടിക ശുദ്ധീകരണ പ്രക്രിയയുടെ പശ്ചാത്തലത്തിൽ മരണപ്പെട്ടതും , താമസം മാറിയതും ഉൾപ്പെടെ **89,907** വോട്ടർമാരാണ് പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടത്.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ (**www.ceo.kerala.gov.in** ) അന്തിമ വോട്ടർ പട്ടിക വിവരങ്ങൾ ലഭ്യമാണ്. കൂടാതെ സൂക്ഷ്മ പരിശോധനകൾക്കായി ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ കാര്യാലയത്തിലും, വില്ലേജ് ഓഫീസുകളിലും, ബൂത്ത് ലെവൽ ഓഫീസർമാരുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും. അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിന്ന് വോട്ടർ പട്ടിക കൈപറ്റാവുന്നതാണ്.

അന്തിമ വോട്ടർ പട്ടികയിലെ ചില സുപ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ആകെ വോട്ടർമാർ- **(2,78,10,942)**
- ആകെ സ്ത്രീ വോട്ടർമാർ- **(1,43,69,092)**
- ആകെ പുരുഷ വോട്ടർമാർ-**(1,34,41490)**
- ആകെ ഭിന്നലിംഗ വോട്ടർമാർ- **(360)**
- കൂടുതൽ വോട്ടർമാരുള്ള ജില്ല- മലപ്പുറം **(34,01,577)**
- കുറവ് വോട്ടർമാരുള്ള ജില്ല- വയനാട് **(6,42,200 )**
- കൂടുതൽ സ്ത്രീ വോട്ടർമാരുള്ള ജില്ല- മലപ്പുറം**(17,00,907 )**
- കൂടുതൽ ഭിന്നലിംഗ വോട്ടർമാരുള്ള ജില്ല- തിരുവനന്തപുരം **(93 )**
- ആകെ പ്രവാസി വോട്ടർമാർ- **(90,124)**
- പ്രവാസി വോട്ടർമാർ കൂടുതലുള്ള ജില്ല- കോഴിക്കോട് **(35,876)**

സ്കൂൾ കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രൽ ലിറ്ററസി ക്ലബ്ബുകളുടെ ഫലപ്രദമായ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് മുൻകൂറായിഅപേക്ഷകൾ ലഭിക്കുന്നുണ്ട് . ഇത്തരത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് മുൻകൂറായി ലഭിച്ചിട്ടുള്ള 17 വയസ്സിനു മുകളിലുള്ളവരുടെ അപേക്ഷകൾ ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1, എന്നീ യോഗ്യതാ തീയതികളിൽ എന്നാണോ 18 വയസ് പൂർത്തിയാകുന്നത്, ആ യോഗ്യതാ തീയതി അനുസരിച്ച് വോട്ടർ പട്ടികയിൽ ഉൾകൊള്ളിക്കുന്നതാണ് . ഇതിനു ശേഷം തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതാണ്